4. സർക്കാർ ആശുപത്രികളിൽ, ഇ.എസ്.ഐ അംഗീകൃത സ്വകാര്യ ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സക്ക് മാത്രമേ ഇ.എസ്.ഐ അംഗീകാരമില്ലാത്ത സ്വകാര്യ ആശുപത്രികളിലേക്ക് ചികിത്സക്കായി അഡ്വാൻസ് നൽകാറുള്ളൂ.

(സി) ഇതിന്റെ സാദ്ധ്യത പരിശോധിച്ച് വരുന്നു.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

മാവൂർ ഗ്വാളിയർ റയോൺസിലെ തൊഴിൽ സ്തംഭനം

75 (240) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസിലെ ഉല്പാദനം നിറുത്തി വച്ചിരിക്കുന്ന സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനത്തിലെ തൊഴിൽ സ്തംഭനം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് വിവിധ തൊഴിലാളി സംഘടനകൾ ചേർന്ന് രൂപീകരിച്ച 'ഗ്രാസിം തൊഴിൽ സംരക്ഷണ സമിതി' നിവേദനം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഇതിൽ ഉന്നയിച്ചിരിക്കുന്നത്;

(ഇ) ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) സർക്കാരിൽ നിന്നും അനുവദിക്കേണ്ട അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിലുള്ള കുറവും വൈദ്യുതി നിരക്കിൽ വന്ന അമിതമായ വർദ്ധനവും ഇറക്കുമതിയിൽ ആഗോളാടിസ്ഥാനത്തിൽ നടന്നു വരുന്ന ഉദാരവത്ക്കരണവും ഉൽപ്പാദന ചെലവിലുണ്ടായ അമിതമായ വർദ്ധനവും കാരണം മാവൂർ ഗ്വാളിയർ റയോൺസിന്റെ പൾപ്പ് ഡിവിഷനും സ്റ്റാപ്പിൾ ഫൈബർ ഡിവിഷനും അടച്ചു പൂട്ടുന്നതിനുള്ള അനുവാദം മാനേജ്മെന്റ് സർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിലും 16-10-1999 ലെ 23084/എ3/99/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത ആവശ്യം സർക്കാർ നിരസിച്ചു. മേൽ ഉത്തരവിനെതിരെ മാനേജ്മെന്റ് റിവിഷൻ പെറ്റിഷൻ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(സി,ഡി&ഇ) ഗ്രാസിം തൊഴിലാളികളുടെ ഇന്നത്തെ ശരാശരി വേതനം പരിഷ്കരിക്കുക, മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ് അടച്ചു പൂട്ടാതെ തുടർന്നും പ്രവർത്തിപ്പിക്കുക എന്നിവയാണ് നിവേദനത്തിലെ ആവശ്യങ്ങൾ. വിവിധ തൊഴിലാളി സംഘടനകളുടെ നിവേദനങ്ങൾ പരിശോധിക്കുകയും മാനേജ്മെന്റിന്റേയും അവരുടേയും വാദം കേൾക്കുകയും ചെയ്ത ശേഷമാണ് ഗ്രാസിം ഇൻഡസ്ട്രീസ് അടച്ചു പൂട്ടുന്നതിന് അനുമതി തേടിക്കൊണ്ടുള്ള അപേക്ഷ സർക്കാർ നിരസിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly